(ബി) കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ പാലക്കാടിന് നാലാം സ്ഥാനമാണുള്ളത്.

(സി) പാലക്കാട് ജില്ലയിൽ പൂട്ടികിടക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം-1* ആയി ചേർക്കുന്നു.

(ഡി) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിനായി സർക്കാർ സമർപ്പിച്ച പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം 2* ആയി ചേർക്കുന്നു.

കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ

159(2360) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ ഏതെല്ലാം കൈത്തറി വ്യവസായ സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും സംഘങ്ങളുടെ കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത രംഗം മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ സഹായം ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*. സംഘങ്ങളുടെ കഴിഞ്ഞ 3 വർഷത്തെ കണക്ക് സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

1. സംഘങ്ങളിലെ നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. കൈത്തറി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സംഘത്തിലെ നെയ്ത്തുകാർക്ക് സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

3. കൂടുതൽ ഗുണമേന്മയുള്ളതും ആകർഷകവുമായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് മൂല്യവർദ്ധിത പദ്ധതി സംഘങ്ങൾക്കായി നടപ്പിലാക്കിയിട്ടുണ്ട്.

4. വിപണനം മെച്ചപ്പെടുത്തുന്നതിന് പ്രാഥമിക സംഘങ്ങളുടെ ഷോറൂമുകൾ നവീകരിക്കുന്നതിനായി സഹായം നൽകി. പുതിയ ഷോറൂമുകൾ നിർമ്മിക്കുന്നതിനും പ്രാഥമിക സംഘങ്ങൾക്ക് സഹായം നൽകി. ജില്ലകൾതോറും ഉത്സവ സീസണുകളിൽ ഹാന്റ്ലൂം എക്സ്പോ നടത്തുന്നതിന് നടപടികൾ എടുത്തു. 2012-13 മുതൽ കേന്ദ്രസഹായത്തോടെ നാഷണൽ ഹാന്റ്ലൂം എക്സ്പോ നടത്തിവരുന്നു.

5. നെയ്ത്തുകാരുടെ അഭാവം പരിഹരിക്കുന്നതിനായി നെയ്ത്തിൽ താൽപ്പര്യമുള്ള പുതിയ ആളുകൾക്ക് പരിശീലനം നടത്തി നെയ്ത്തുകാരെ സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

6. കേന്ദ്രഗവൺമെന്റിന്റെ റിവൈവൽ, റിഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പദ്ധതി ഉപയോഗിച്ച് 357 സംഘങ്ങളെയും 1117 വ്യക്തിഗത നെയ്ത്ത് യൂണിറ്റുകളെയും ഹാന്റെക്സിനെയും പുനരുദ്ധരിച്ചു. ഈ പദ്ധതി അനുസരിച്ച് 2010 മാർച്ച് വരെയുള്ള സംഘങ്ങളുടെയും വ്യക്തിഗത യൂണിറ്റുകളുടെയും ഹാന്റെക്സിന്റെയും 100% ബാങ്ക് ലോണും 25% പലിശയും ഒഴിവാക്കി. ഈ പദ്ധതി അനുസരിച്ച് കേന്ദ്രഗവൺമെന്റ് 165.34 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് 45.31 കോടി രൂപയും ചെലവഴിച്ചു. റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് അനുസരിച്ച് 165.34 കോടി രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ സംരംഭങ്ങൾ

160(2361) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly